# ST. JOSEPH'S HS PAIPPAD

## ACADEMIC MASTER PLAN

## CATALYST - 2025-26



# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | കോട്ടയം |
| സ്കൂൾ കോഡ് | : | 33086 |
| സ്കൂളിന്റെ പേര് | : | സെന്റ് ജോസഫ്സ് ഹൈസ്കൂൾ പായിപ്പാട് |
| മേൽവിലാസം | : | നാലുകോടി പി.ഒ.<br>കോട്ടയം ജില്ല<br>പിൻകോഡ് 686548 |
| ഇമെയിൽ അഡ്രസ്സ് | : | stjoseph83@gmail.com |
| ഗ്രാമപഞ്ചായത്ത് | : | പായിപ്പാട് ഗ്രാമപഞ്ചായത്ത് |
| വിദ്യാഭ്യാസ ജില്ല | : | കോട്ടയം |
| സബ്ജില്ല | : | ചങ്ങനാശ്ശേരി |
| ക്ലാസുകൾ | : | ഒന്നു മുതൽ 10 വരെ |
| മാനേജ്മെന്റ് | : | എയ്ഡഡ് |
| പഠനം മാധ്യമം | : | മലയാളം ആന്റ് ഇംഗ്ലീഷ് |
| പ്രധാന അധ്യാപിക | : | ശ്രീമതി ലിജി സെബാസ്റ്റ്യൻ |

# പായിപ്പാട് സെന്റ് ജോസഫ് സ്കൂൾ ചരിത്രം

കോട്ടയം ജില്ലയുടെ തെക്കുകിഴക്ക് അതിർത്തിയിൽ പായിപ്പാട് ഗ്രാമപഞ്ചായത്തിൽ പന്ത്രണ്ടാം വാർഡിൽ പ്രകൃതിരമണീയമായ ഒരു കുന്നിൻ പ്രദേശത്താണ് പായിപ്പാടിന്റെ അഭിമാനമായ സെന്റ് ജോസഫ് ഹൈസ്കൂൾ സ്കൂളിന്റെ ആസ്ഥാനം. 1938 നവംബർ 16ന് ഇടിഞ്ഞില്ലം - പായിപ്പാട് റോഡിന് അഭിമുഖമായി 100 അടി നീളത്തിൽ രണ്ട് പോർട്ടിക്കോകളോടുകൂടി തെക്ക് ദർശനത്തോടെ മനോഹരമായ പ്രൈമറി സ്കൂൾ സ്ഥാപിതമായി. 1948 ൽ യു.പി സ്കൂൾ ആയി ഉയർത്തപ്പെട്ടു. 1964ൽ ഹൈസ്കൂൾ ആയി ഉയർത്തി. പഠനനൈപുണ്യം അധ്യാപന ചാതുരി, കലാകായിക രംഗത്തെ മികവുകൾ, ഉന്നത വിജയ ശതമാനം തുടങ്ങിയ നിരവധി കാര്യങ്ങളാൽ ശ്രദ്ധേയമായ ഈ വിദ്യാലയം പെൺകുട്ടികളുടെ വ്യക്തിത്വ രൂപീകരണത്തിലും ഉന്നത വിദ്യാഭ്യാസത്തിലും മികവുറ്റതായി. 86 വർഷം പിന്നിട്ട ഈ വിദ്യാലയത്തിന്റെ ജീവിതയാത്രയിൽ നിരവധി അധ്യാപക അനധ്യാപക വിദ്യാർത്ഥി അവാർഡുകൾ ഈ വിദ്യാലയം നേടിയിട്ടുണ്ട്.

അനേകായിരങ്ങൾക്ക് അക്ഷരവെളിച്ചം പകർന്ന പായിപ്പാട് സെന്റ് ജോസഫ് വിദ്യാലയം 86 മത് വാർഷികം ആഘോഷിക്കുകയാണ്. വിവിധ മേഖലകളിൽ നിരവധി പ്രതിഭകളെ സമ്മാനിച്ച ഈ വിദ്യാക്ഷേത്രം അതിന്റെ ജൈത്രയാത്ര തുടരുന്നു. തലമുറകൾക്ക് അറിവിന്റെ വാതായനങ്ങൾ തുറന്നുകൊടുത്ത ഈ വിദ്യാലയം ദേശത്തിന്റെ സംസ്കാരത്തിന്റെയും അഭിവൃദ്ധിയുടെയും ചാലക ശക്തിയായി പ്രവർത്തിച്ചുവരുന്നു.

# മികവുകൾ

തുടർച്ചയായി പത്താം വർഷവും എസ്എസ്എൽസി നൂറുശതമാനം വിജയം, ലാംഗ്വേജ് ലാബ് , ലിറ്റിൽ കൈറ്റ്സ്, റെഡ് ക്രോസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് യൂണിറ്റുകൾ ബാൻഡ് ടീം, ത്രോബോൾ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ വിജയം, എൻ എം എസ് വിജയം, യു എസ് എസ് വിജയം, കലോത്സവം സംസ്ഥാനതല വിജയം, വിദ്യാരംഗം ജില്ലാതലവിജയം, ശാസ്ത്രമേളവിജയം, കലാകായിക മത്സരങ്ങളിൽ ജില്ലാതല പങ്കാളിത്തം, കോർപ്പറേറ്റ് മാനേജ്മെന്റ് അടക്കമുള്ള വിവിധ ഏജൻസികളുടെ മത്സര പരീക്ഷകൾ, പരിശീലനങ്ങൾ, വ്യക്തിത്വവികസന പരിപാടികൾ, സമർത്ഥരായ വിദ്യാർഥികൾക്ക് എൻഡോമെന്റുകൾ, സ്കോളർഷിപ്പുകൾ ഇതര സമ്മാനങ്ങൾ.

**പായിപ്പാട് സെന്റ് ജോസഫ്സ് സ്കൂൾ ഇന്ന്**

ഹെഡ്മിസ്ട്രസ്, 10 ഹൈസ്കൂൾ അധ്യാപകർ, 7 അപ്പർ പ്രൈമറി സ്കൂൾ അധ്യാപകർ, നാല് എൽപി സ്കൂൾ അധ്യാപകർ, 4 അനധ്യാപകർ അടങ്ങുന്ന സ്റ്റാഫ്. 600 വിദ്യാർത്ഥികൾ, വിശാലമായ ഗ്രൗണ്ട് ഉള്ള വലിയ ക്യാമ്പസ് ആരെയും ആകർഷിക്കും. സ്കൂൾ പറമ്പ് മൊത്തമായി ജൈവവൈവിധ്യ ഉദ്യാനം.

**മികവുകൾ**

കോട്ടയം ജില്ലയിൽ പായിപ്പാട് പഞ്ചായത്തിൽ ഇന്ന് അക്കാദമിക നിലവാരത്തിൽ ഒന്നാം സ്ഥാനത്തേക്ക് കുതിച്ചെത്തിയ സ്കൂൾ, എസ്എസ്എൽസിക്ക് തുടർച്ചയായി പത്താം തവണയും 100% വിജയം, പാഠ്യേതര രംഗത്തും ഏറെ മികവ് സ്കൂൾ ഖ ഖ്യാതികൾ നിരവധി പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്

## പൊതുലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും (ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ) കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളെ അറിയിക്കുക.

കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

## അക്കാദമിയിലെ പ്രവർത്തനങ്ങൾ

- ഭാഷാ വിഷയങ്ങൾ വായിക്കുവാനും എഴുതുവാനും കഴിവു നേടുന്നതിനുവേണ്ടി സഫലം പദ്ധതി നടപ്പിലാക്കുക.
- ഭാഷാ പരിജ്ഞാനം വർദ്ധിക്കുന്നതിനു വേണ്ടി ഓരോ ക്ലാസിലും ലൈബ്രറി രൂപപ്പെടുത്തുക.

കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടി കഥ, കവിത, ഉപന്യാസം, ചിത്രരചന എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് എന്റെ പതിപ്പ് പദ്ധതി (ദീർഘകാലം)

ഇടമുറിയാത്ത ഭാഷണം - സ്കൂൾ അസംബ്ലിയിൽ ഒരു വിഷയത്തെ അടിസ്ഥാനമാക്കി ഒരു മിനിറ്റ് സംസാരിക്കാൻ അവസരം നൽകുന്നു. വിഷയം പഴഞ്ചൊല്ലുകളും ആകാം.

കഥാപുരാണം പത്തു കുട്ടികളെ നിരയായി ഇരുത്തി അധ്യാപകൻ കഥയുടെ ആദ്യ വാചകം പറയുമ്പോൾ കുട്ടികൾ ഓരോരുത്തരായി ഓരോ വാചകം പറഞ്ഞ കഥ പൂർത്തിയാക്കുന്നു.

പ്രസംഗം വിവിധ സന്ദർഭങ്ങളിൽ - സന്ദർഭങ്ങൾ (ചരമ പ്രസംഗം, അനുമോദന പ്രസംഗം ആശംസ പ്രസ്ഥാനം പ്രസംഗം) കുറിപ്പുകൾ ആക്കി നൽകി അതിൽ നിന്ന് തിരഞ്ഞെടുത്തു പ്രസംഗിക്കാൻ ആവശ്യപ്പെടുന്നു.

ഭാഷാ വാരാചരണങ്ങളും, ഫെസ്റ്റുകളും നടത്തുന്നു (മാധ്യമകാലം)

ത്രിഭാഷാ - പദ്ധതി ഓരോ ദിവസവും സമയ മേഖലകളായി തിരിച്ച് മലയാളം, ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ സംസാരിക്കാൻ പരിശീലനം നൽകുന്നു.

- ഗണിതം മധുരം
- ഗണിത ഫെസ്റ്റ്
- ശാസ്ത്രോത്സവം
- ദിനാചരണങ്ങൾ

മ്യൂസിക് ക്ലബ്ബ്- വിവിധ ഭാഷയിലുള്ള ഗാനങ്ങൾ പരിശീലിപ്പിക്കുന്നു

പഠനയാത്രകൾ സംഘടിപ്പിക്കുന്നു -യാത്രാക്കുറിപ്പ് തയ്യാറാക്കുന്നു.

എനിക്കൊരു തൊഴിൽ പദ്ധതി-വിവിധ തൊഴിലുകളിൽ പരിചയം നേടുന്നതിനായി പ്രവർത്തി പരിചയ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

(ഫാബ്രിക് പെയിന്റിങ്ങ്, തയ്യൽ പരിശീലനം, ചവിട്ടി നിർമ്മാണം, ബുക്ക് ബൈന്റിംഗ്, കുട നിർമ്മാണം)

ജൈവവൈവിധ്യ പാർക്ക് - പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധ സസ്യത്തോട്ടം

എന്റെ ആരോഗ്യം പദ്ധതി -ഹാൻഡ്ബോൾ പരിശീലനം, യോഗപരിശീലനം, ബാഡ്മിന്റൺ പരിശീലനം

പോഷകാഹാരം പരിപാടി - രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുവാനുള്ള ബോധവൽക്കരണ ക്ലാസുകൾ - Cap@Campus

ഗവേഷണാത്മക പ്രോജക്റ്റുകൾ - ആഹാരവുമായി ബന്ധപ്പെട്ട്

## ഭൗതികം

- ചിൽഡ്രൻസ് പാർക്ക് എൽപി ക്ലാസ്സുകൾക്ക് (പിടിഎ ഓൾഡ് സ്റ്റുഡൻസ് )
- ക്ലാസ് മുറികൾ ഹൈടെക് ആക്കുക (ഓൾഡ് സ്റ്റുഡൻസ് പ്ലസ് ലൈബ്രറി )
- ലൈബ്രറി കൂടുതൽ നവീകരണം
- അടുക്കള-ഡൈനിംഗ് ഹാൾ (പ്രോജക്ട് എംഎൽഎ ഫണ്ട് )
- മാലിന്യ സംസ്കരണം - പിടിഎ
- ടോയ്‌ലറ്റ് - (ഗേൾസ് ഫ്രണ്ട്‌ലി ജില്ലാ പഞ്ചായത്ത്)

## സാമുഹികം

- പിടിഎ ശാക്തീകരണം
- കോർണർ പിടിഎ
- ക്ലാസ്സ് പിടിഎ
- വിദ്യാലയ വികസന സമിതി

അക്കാദമികം

പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നില്ല എന്നത് പരിമിതിയാണ്. യുപി ഹൈടെക് നിലവാരത്തിലേക്ക് എത്തേണ്ടതുണ്ട്. പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയിലൂടെയും പിടിഎ സഹകരണത്തോടെയും യുപി ക്ലാസ് മുറികൾ പാർട്ടീഷൻ ചെയ്യാൻ സാധിച്ചിട്ടുണ്ടെങ്കിലും ഗണിത ലാബ് സാമൂഹ്യശാസ്ത്രം ലാബ് എന്നിവ മെച്ചപ്പെടുത്തേണ്ടതുണ്ട്. പ്രവർത്തിച്ചു പഠിക്കുക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സാർത്ഥമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാകേണ്ടതുണ്ട്. കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികളിൽ നിന്നും മറ്റും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കോട്ടയം ജില്ലയിൽ പായിപ്പാട് പഞ്ചായത്തിൽ എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായ പത്താം തവണയും 100% വിജയവും 22 ഫുൾ എ പ്ലസ് നേടുവാൻ വിദ്യാലയത്തിന് സാധിച്ചു. തുടർച്ചയായി രണ്ടു വർഷവും NMMS സ്കോളർഷിപ്പ് പരീക്ഷയിൽ വിജയം കൈവരിച്ചു. 2024 ജനുവരിയിൽ കൊല്ലത്ത് വെച്ച് നടന്ന സ്കൂൾ യുവജനോത്സവത്തിൽ രണ്ടു കുട്ടികൾക്ക് എ പ്ലസ് ഗ്രേഡ് കരസ്ഥമാക്കാൻ സാധിച്ചു. 2024-25 ചങ്ങനാശേരി ഉപജില്ല കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി .

ദിശ എന്ന ജൂനിയർ ഐഎഎസ് പരിപാടി കുട്ടികൾക്ക് ദിശ ബോധം നൽകി മത്സരപരീക്ഷകൾക്ക് തയ്യാറാകുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. KCSL, Scout, ഗൈഡ്, റെഡ് ക്രോസ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ സംഘടനകൾ നടത്തുന്ന മത്സരപരീക്ഷകളിൽ ഏറെ കുട്ടികളെ ഉന്നത വിജയത്തിൽ എത്തിക്കുവാൻ സാധിക്കുന്നു. സ്പോർട്സ്, ത്രോബോൾ പരിശീലനം കാര്യക്ഷമമായി നടത്തിവരുന്നു. കുട്ടികൾ കേരള ടീമിൽ സെലക്ട് ആവുകയും യുപിയിൽ വച്ചു നടന്ന നാഷണൽ ലെവൽ ചാമ്പ്യൻഷിപ്പ് നേടുവാൻ സാധിച്ചു.

ഭൗതികം

**പരിമിതികൾ**

യുപിയിൽ നിലവിലുള്ള 6 ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലേക്ക് ഉയരണം ടൈൽസ് പാകിയ ക്ലാസ് മുറികൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട്.

ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും വേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല. നിലവിൽ ലൈബ്രറിയിൽ തന്നെയുള്ള റീഡിങ് റൂം സൗകര്യം മറ്റൊരു വിശാലമായ റൂമിലേക്ക് മാറ്റേണ്ടതുണ്ട് ഇതിനായി പുതിയ റീഡിങ് റൂം പണിയണം ഇതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. അത് വിജയപദത്തിൽ എത്തണം.

കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനിക സൗഹൃദത്തോടുകൂടിയ ഒരു ഭോജനശാല നിർമിക്കണം. ഇതിൽ ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാകണം കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം. നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതുണ്ട്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവവിദ്യാപാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട് കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ കലാവാസന അധ്യാപകരില്ല എന്നത് ഏറ്റവും വലിയ പരിമിതിയായി കാണുന്നു.

സ്കൗട്ട്, ഗൈഡ്, ജെ ആർ സി തുടങ്ങിയവയ്ക്ക് കുട്ടികളുടെ യൂണിഫോം മറ്റ് സാധനസാമഗ്രികൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേകം റൂം സൗകര്യമുണ്ടാവേണ്ടതുണ്ട്. വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും ഒരു സ്പോർട്സ്പവിലിയൻ ഇൻഡോർ സ്റ്റേഡിയം എന്നിവ ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു. കായിക പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണായ പങ്കുണ്ട്. കായിക അധ്യാപകന്റെ അഭാവം കായിക മത്സരങ്ങൾക്ക് കുട്ടികളെ പങ്കെടുപ്പിക്കുന്നതിൽ ഏറെ പരിമിതി അനുഭവപ്പെടുന്നു.

ഭൗതികം

നേട്ടങ്ങൾ

നിലവിൽ ഹൈസ്കൂളിലെ ക്ലാസ് മുറികൾ മോടിപിടിപ്പിച്ചു. ലാപ്ടോപ്പ് പ്രോജക്ടർ തുടങ്ങിയവ ക്ലാസ് റൂമിൽ ഉപയോഗിച്ച് പഠിപ്പിക്കുവാൻ സാധിക്കുന്നു. കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്.ീ കുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റും വിശ്രമിക്കുന്നതിന് ആവശ്യമായ ഷി ഫ്രണ്ട്‌ലി ടോയ്ലറ്റ് ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഒരുക്കിയത് ഏറെ ഗുണം ചെയ്യുന്നു. 21 കമ്പ്യൂട്ടറിൽ ഉള്ള എച്ച് എസ് ഐ ടി ലാബുകളും 15 ഡെസ്ക്ടോപ്പുകളോട് കുടിയ യുപിഎൽപി ഐടി ലാബുകളും സ്കൂളിന്റെ മറ്റൊരു ഭൗതിക നേട്ടമാണ്. നല്ല നിലയിൽ പരീക്ഷണങ്ങൾ ചെയ്യുന്നതിന് ഉതകുന്ന ശാസ്ത്ര ലാബുകൾ സ്കൂളിന്റെ മറ്റൊരു നേട്ടമാണ്.

എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പണിത കിച്ചൺ മികച്ച നിലവാരം പുലർത്തുന്നവയാണ്. 2024 ഏപ്രിൽ ആരംഭിച്ച സ്കൂളിന്റെ renovation, May അവസാനത്തോടുകുടി പൂർത്തീകരിച്ചു. LP/UP ബിൽഡിങ്ങുകളുടെ മേൽക്കൂട്ട് മാറി, സ്കൂൾ ബിൽഡിങ്ങിന്റെ ഹൈറ്റ് കൂട്ടി, പെയിന്റിങ് നടത്തി മനോഹരമാക്കി. സ്കൂൾ ഹാളിൽ ആയിരുന്ന UP ലെ നാല് ക്ലാസ് മുറികൾ മൂവ്മെന്റ് ഷട്ടർ ഉപയോഗിച്ച് വേർതിരിച്ചു. പിടിഎ, നാട്ടുകാർ നാലുകോടി സെൻതോമസ് ഇടവകജനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുതാകാംക്ഷികൾ എന്നിവരുടെ സഹായം കൊണ്ട് സ്കൂളിന്റെ റെനോവേഷൻ സുഖമമായി നടപ്പിലാക്കി. 2024 ജൂൺ ഒന്നിന് ആശീർവാദ കർമ്മം സെന്റ് തോമസ് ചർച്ച് നാലുകോടി വികാരി. റവ. ഫാ. സക്കറിയ കാരുവേലിൽ നിർവ്വഹിച്ചു.

## സാമൂഹികം

### നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിന് ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വെച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചു പറ്റിയവയുമാണ്.

### പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങൾ എങ്കിലും ഏറ്റെടുക്കാനുള്ള പരിമിതിയുണ്ട്

### അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
- വായനാശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്ര പോഷക പരിപാടി
- ലബോറട്ടറി നവീകരണം
- ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം
- പ്രതിഭാ പോഷണ പരിപാടി
- ലൈബ്രറി ശാസ്ത്രീകരണം
- ജൈവ വൈവിധ്യ പാർക്ക് - ഒരുക്കൽ
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

- പഠനയാത്രകൾ
- സ്കൂൾ പത്രം, മാസിക
- അധ്യാപകശാക്തീകരണം -സ്കൂൾ SRG തലം
- പ്രവർത്തി പരിചയ പരിശീലനം
- കലാപരിപോഷണം
- പച്ചക്കറിത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- മെഡിക്കൽ ക്യാമ്പുകൾ
- രക്തഗ്രൂപ്പ് നിർണയം
- ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
- ബ്ലോഗ് കാര്യക്ഷമമാക്കൽ
- ഭാഷ ലാബ്
- ദിനാചരണങ്ങൾ - ശക്തിപ്പെടുത്താൻ
- ഗവേഷണാത്മക പഠനം
- കായിക ശേഷി വികസനം
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ചോദ്യപേപ്പർ ശില്പശാല
- ഐടി പഠനം കാര്യക്ഷമമാക്കൽ
- ജന്മദിന പുസ്തകം
- ചിത്രരചന ക്യാമ്പ്
- ശാസ്ത്ര ഗണിതശാസ്ത്ര സോഷ്യൽ സയൻസ് ഐടി പ്രവർത്തി പരിചയമേളകൾ
- ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

| ഉപമേഖല: പ്രവർത്തിപരിചയം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പ്രവർത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ | | SRG | |
| ഉപമേഖല: കലാരംഗം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റു കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ചു പരിശീലനം നൽകൽ | | | |
| ഉപമേഖല: ഹൈടെക് ക്ലാസ് മുറികൾ | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ലാപ്ടോപ്പിന്റെ കുറവ് പരിഹരിക്കാൻ | പൂർവ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണം | | | |
| ഉപമേഖല: കൗൺസിലിങ്ങ് | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| | | | | |
| വിവിധങ്ങളായ | ആത്മവിശ്വാസം, ധൈര്യം, ഇവ | കൗൺ | ജൂണിൽ | |

| | | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകൽ, നല്ല വ്യക്തിത്വമുള്ളവരാക്കൽ | വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br><br>ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹാരം തുടങ്ങിയ വിവിധ മാർഗങ്ങൾ അവലംബിച്ച് Individual കൗൺസിലിംഗ് , ഗ്രൂപ്പ് കൗൺസിൽ ഫലപ്രദമാക്കൽ | സിലിംഗ് ടീച്ചർ | തുടങ്ങിയ എല്ലാ ദിവസവും | |

ഉപമേഖല: കൗൺസിലിങ്ങ്: കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ കായിക മത്സരങ്ങൾ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്ക് ഫുഡ്ബോൾ, ത്രോബോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ, പെൺകുട്ടികൾക്ക് അത്‌ലറ്റിക് മത്സരങ്ങൾ സംസ്ഥാനതല ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | എല്ലാ ദിവസവും രണ്ട് വർഷം | കായിക അധ്യാപകൻ | PTA |

# ഉപസംഹാരം

പായിപ്പാട് സെന്റ് ജോസഫ് ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലുടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. അതിനു കഴിയും എന്ന് ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്

സ്കൂൾ ക്യാമ്പ് ശിശു സൗഹാർദ്ദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ് സ്കൂൾ തന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാക്കുന്നു

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കുടുതൽ ഗുണപരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങൾ ആയി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ. സ്കൂൾ രൂപം കൊടുത്ത വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങൾ ആയി ഈ അക്കാദമികമാസ്റ്റർ മാറുമെന്നും പ്രതീക്ഷിക്കുന്നു.

L.P. വിഭാഗം 2025-26.

മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികൾക്ക് ഗണിത കളികളിൽ താൽപര്യമുണ്ടാക്കുന്നു. | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള വിവിധ കളികളിൽ കുട്ടികൾ ഏർപ്പെടുന്നു. ചതുഷ്ക്രിയകൾ അടങ്ങിയിരിക്കുന്ന ഏണിയും പാമ്പും കളി, ഡൊമിനോ കളികൾ. | ജൂൺ - മാർച്ച് |
| ഗണിതം ആസ്വാദ്യകരമാക്കുന്നതിന് | 10-ന്റെ കെട്ടുകൾ, മഞ്ചാടി, പുളിക്കുരു, സ്ട്രോ, വിത്തുകൾ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ, എല്ലാ കുട്ടികളുടെയും കയ്യിലുള്ള ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു. | ജൂലൈ - സെപ്റ്റംബർ |
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | ഈർക്കിലുകൾ, കമ്പുകൾ വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു. | ജൂലൈ |
| സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളിൽ, തങ്ങളുടെ നിലവാരത്തിനനുസരിച്ചുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു. ഇതിനായി സ്ഥാനവില പോക്കറ്റ്, കളിനോട്ടുകൾ, പാറ്റേണുകൾ എന്നിവ ഉപയോഗിക്കുന്നു. | ആഗസ്റ്റ് - സെപ്റ്റംബർ |
| സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | മനക്കണക്കുകൾ, നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഒക്ടോബർ - നവംബർ |

| | | |
|---|---|---|
| - ഗണന വസ്തുതകൾ നേടൽ | നിലവാരത്തിനനുസരിച്ച്, മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് ഗണന വസ്തുതകൾ രൂപീകരിക്കുന്നു. കൂട്ടങ്ങളാക്കുന്നു. | [illegible] |
| - ഗണന ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് പങ്കുവയ്ക്കുന്നു. | [illegible] |
| - 1 - മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു. | സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ, സംഖ്യാ കാർഡ്, ചിത്രങ്ങൾ വരച്ച സംഖ്യാ കാർഡ്, ഒറ്റ സംഖ്യ, ഇരട്ട സംഖ്യ, വലുത്, ചെറുത്... | [illegible] |
| - സംഖ്യാ വ്യാഖ്യാനം | 6-1, 10-5 — (5) — 2+3, 5+0 | [illegible] |
| - സ്ഥാനവില തിരിച്ചറിഞ്ഞ് എഴുതാനും വായിക്കാനും ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതുന്നതിനുള്ള ശേഷി ഉണ്ടാക്കുന്നു. | സ്ഥാനവില പോക്കറ്റ് നിർമ്മാണം അബാക്കസ്, സംഖ്യാ റിബൺ (ധാഗൻ കളി... | [illegible] |
| - നീളം അളക്കാനുള്ള ഉപകരണം തിരിച്ചറിയുന്നു. വസ്തുക്കൾ അളക്കുന്നതിന്, അവയുടെ മീറ്റർ, സി.മി., എന്നിവയുടെ പരസ്പര ബന്ധം കണ്ടെത്തുന്നു. | സ്കെയിൽ നിർമ്മാണം, സാധനങ്ങൾ അളക്കുന്നു ഊഹിച്ച് പറയുന്നു. | [illegible] |

| | | |
|---|---|---|
| - എല്ലാ കുട്ടികൾക്കും, സമയം അറിയുന്നതിനുള്ള അനുയോജ്യമായ ഉപകരണങ്ങൾ സൂക്ഷ്മതയോടെയും കൃത്യതയോടെയും നോക്കാനുള്ള ശേഷി ഉറപ്പിക്കൽ. | ക്ലോക്ക് നിർമ്മാണം<br>കലണ്ടർ നിർമ്മാണം<br>സമയമെത്ര? | നവംബർ |
| - കലണ്ടർ ഉപയോഗിച്ച് ദിവസം, മാസം, വർഷം എന്നിവ കണ്ടെത്താൻ കഴിയുന്നതിന്. | കലണ്ടർ നിർമ്മാണം<br>എന്റെ ജന്മദിനം. | ഡിസംബർ |
| - നാലക്കസംഖ്യകളുടെ സംഖ്യാബോധം, വ്യാഖ്യാനം എന്നിവയുറപ്പിക്കൽ. | പാറ്റേൺ, സങ്കലന, വ്യവകലന, പ്രവർത്തനങ്ങൾ, ഹരണക്രിയകൾ | ജനുവരി-ഫെബ്രുവരി. |

# അക്കാദമിക മാസ്റ്റർ പ്ലാൻ (LP).

## മലയാളം

### ലക്ഷ്യങ്ങൾ

- അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ.
- വാക്ക് ക്രമം പാലിച്ച് വാക്യങ്ങൾ നിർമ്മിക്കൽ.
- കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും.

| പ്രവർത്തനങ്ങൾ. | ലക്ഷ്യം | കാലം. |
|---|---|---|
| * ചിത്ര വായന<br>* അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള പദങ്ങളുടെയും വാക്യങ്ങളുടെയും ആവർത്തനം കണ്ടെത്തൽ, രേഖപ്പെടുത്തൽ<br>* നാടൻപാട്ട് ശേഖരണം<br>* പഴഞ്ചൊല്ലുകൾ ശേഖരണം.<br>* കടങ്കഥകൾ ശേഖരണം. | * അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>* ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ്. | ജൂൺ - ജൂലൈ |
| · കത്തുകൾ എഴുതുക.<br>· യാത്രാവിവരണം കുറിപ്പ് എഴുതുക.<br>· സംയുക്ത ഡയറി<br>· ഡയറി എഴുത്ത്.<br>· റോൾപ്ലേ. | * എഴുത്ത് പരിപോഷിപ്പിക്കൽ.<br>* സർഗാത്മകതയുടെ വികാസം. | ജൂലൈ - ആഗസ്റ്റ്<br>സെപ്റ്റംബർ |

| | | |
|---|---|---|
| ഭാഷാകളരി - കുട്ടികളുടെ ഇടയിൽ പാട്ടുകളും കഥകളുമായി കൂട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | | |
| പദകാർഡുകൾ തയ്യാറാക്കൽ<br>ചിത്രം എഴുത്ത്.<br>പാഠഭാഗത്ത് നിന്നും ചിഹ്നങ്ങളും അക്ഷരങ്ങളും കണ്ടെത്തൽ.<br>കൃഷിപ്പഴമൊഴികൾ<br>കൃഷിയിട സന്ദർശനം.<br>കൃഷിപ്പാട്ടുകൾ ഉപകരണചിത്രങ്ങൾ. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>പിന്നോക്കാവസ്ഥ പരിഹരിക്കൽ - പ്രത്യേക പ്രവർത്തനം ചെയ്യുന്നു.<br>പ്രാദേശിക ഭാഷാശേഷി വികസനം. | ഒക്ടോബർ<br>നവംബർ |
| വാക്യങ്ങൾ നിർമ്മിക്കൽ<br>ശരി എഴുത്ത്.<br>നാട്ടുവാക്ക - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം.<br>സാഹിത്യകാരൻമാരുടെ - ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>വിവരണക്കുറിപ്പ് തയ്യാറാക്കൽ | എഴുത്ത് പരിപോഷിപ്പിക്കൽ<br>ആശയ നിരൂപീകരണശേഷി വികസിപ്പിക്കൽ. | ഡിസംബർ<br>ജനുവരി. |
| രചന ശിൽപശാല - കഥ, കവിത, ചെറു ലേഖനം.<br>കഥ പൂർത്തിയാക്കൽ.<br>വരികൾ കൂട്ടിച്ചേർക്കൽ.<br>താരതമ്യക്കുറിപ്പ്<br>രചനാപരിചയക്കുറിപ്പ്. | സർഗാത്മക രചനാശേഷി വികസിപ്പിക്കൽ.<br>ഭാഷാശേഷി വികസനം. | ഫെബ്രുവരി<br>മാർച്ച് |

# ACADEMIC MASTER PLAN

## SUBJECT EVS L.P

class 1 - 4

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|---|
| 1 | ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | - ഭക്ഷ്യമേള - നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | June - August |
| 2 | പ്രകൃതിയെ അറിയാൻ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | - പ്രകൃതി നടത്തം ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുന്നു -<br>- വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>പ്രകൃതിക്കു ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം. | June - Octobe |
| 3 | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക | • ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>• ക്യാമ്പ്<br>• മികച്ച അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നു | June-March |
| 4 | വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കുക. | • ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.<br>- നല്ല ശീലങ്ങൾ - പോസ്റ്റർ തയ്യാറാക്കുന്നു. | |

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|---|
| 5 | പ്രകൃതി വിഭവ സംരക്ഷണം | ഫീൽഡ് ട്രിപ്പ് ജൈവ-വൈവിധ്യ പാർക്ക്, ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം | June - March |
| 6 | നാടറിയാൻ - നാട്ടറിവുകൾ | - കൃഷിയിടങ്ങൾ സന്ദർശനം<br>- കൃഷി ചെയ്യുന്നവരുമായി അഭിമുഖം. | August - March. |
| 7 | ഭൂപടമൊരുക്കാം.<br>കേരളം<br>ഇന്ത്യ - ഭൂപടം | ഭൂപട വായന<br>ഭൂപട രചന. | |

## *Section L P Level 1 - 4*

## *Subject – English*

*Aim*: to speak, read & Write English without any mistakes

*TIME: JUNE* *TO* *MARCH*

*PRETEST*

TO check the vocabulary and writing skills of people

*JUNE* - *JULY*

To develop listening skills & reading skills

LISTENING SKILLS

Games, action song

Conversation, skit, stories

Use ICT

*August* *September*

*SPEAKING* *SKILLS*

1. Identify the naming words from the picture
2. Identify the action words from the same picture
3. Make simple sentence using the action word about the picture
4. Growing sentence, picture reading, self-introduction

*OCTOBER*, *NOVEMBER*

*READING* *SKILL*

Newspaper reading, library books reading, book review, breaking news

*Writing* *skill*

Find words, collect rhyming words, describing words, textbook activities

Make a word web, picture description with describing words, word chain, and sentence chain

*ACTIVITIES*

Speech, book review, self-introduction, School radio, make a description magazine.

*DECEMBER* *JANUARY*

EXPRESS THOUGHTS FEELINGS

READING SKILLS

NEWSPAPER READING, LIBRARY BOOKS READING, BOOK REVIEW, DEVELOP STORY.

*FEBRUARY* *MARCH*

IMPROVE THE PRESENTATION POWER

*READING* *SKILLS*

NEWSPAPER READING, LIBRARY BOOKS READING, BOOK REVIEW.

Conversation, skit, stories, use ICT materials.

Reads breaking news

Develop story

*WRITING* *SKILL*

Diary, letter, announcement, description, notice thoughts.

*ACTIVITIES*

Speak, quiz, riddles, school radio, make magazine, skit, exhibition.

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി ടി എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | രണ്ട് വർഷം | മലയാളം, ഐ ടി അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് എം അവതരണ മികവ് | **സെന്റ് മേരീസ് എഫ് .എം**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

## മേഖല:യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,...... ഉപയോഗിക്കുന്നു ) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് പി ടി എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവിണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി ടി എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# ACADEMIC MASTERPLAN

# HINDI

# 2025-26

മേഖല : അക്കാദമികം   ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,.SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന . ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN.SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ ര ണ്ടാം വാ രം | 5,6 ,7 | ഹിന്ദി അധ്യാപ കർ, മറ്റു ഭാഷാധ്യാ പകർ | |
